പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2848 2/04/2013-ലെ മറുപടിയ്ക്ക്

## സ്മാർട്ട് വില്ലേജ് ഓഫിസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ വി.റ്റി ബൽറാം<br>ശ്രീ എം.പി. വിൻസെന്റ് | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്, വിശദാംശങ്ങൾ എന്തെല്ലാം.<br><br>(ബി) സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി പ്രകാരം എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്, വിശദമാക്കുമോ, | എ. & ബി<br>ആധുനിക സൗകര്യങ്ങൾ ഒരുക്കിയും ആധുനിക സാങ്കേതിക വിദ്യയിലൂടെ ഇ- ഗവേണൻസ് , എം- ഗവേണൻസ് എന്നിവയുടെ ഫലങ്ങൾ പരമാവധി പ്രയോജനപ്പെടുത്തികൊണ്ട് വിവിധ തരത്തിലുള്ള സേവനങ്ങൾ വേഗത്തിലും ആധുനിക രീതിയിലും ഉറപ്പായും, ഉത്തരവാദിത്വത്തോടെയും, സുതാര്യമായും നൽകി വില്ലേജ് ഓഫീസുകൾ ജനസൗഹൃദ ഓഫീസുകളാക്കി . (SMART -Speedy , Modern , Assured, Responsible, Transparent) മാറ്റുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് SMART വില്ലേജ് പദ്ധതി. വില്ലേജ് ഓഫീസുകൾ വഴി ലാന്റ് റവന്യൂ വകുപ്പ് നൽകി വരുന്ന സേവനങ്ങളായ സർട്ടിഫിക്കറ്റ് സേവനങ്ങൾ, സാമ്പത്തിക സേവനങ്ങൾ, ഭൂമി സംബന്ധമായ സേവനങ്ങൾ ഈ പദ്ധതി പ്രകാരം എപ്പോഴും എവിടെയും സാധ്യമാക്കാൻ ഉദ്ദേശിക്കുന്നു. ഇ-ഡിസ്ട്രിക്ട് പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിച്ചു കൊണ്ട് അഴിമതിയും കാലതാമസവും പരമാവധി കുറച്ച് മെച്ചപ്പെട്ട സേവനം പൗരൻമാർക്ക് ഉറപ്പുവരുത്തുവാനും നല്ല രീതിയിലുള്ള സൗഹൃദാന്തരീക്ഷം .വില്ലേജ് ഓഫീസുകളിൽ സൃഷ്ടിക്കപ്പെടാനും ഉദ്ദേശിക്കുന്നു. |

'ഓൺ ലൈൻ പേയ്മെന്റ് ഗേറ്റ്വേ' കൂടി സാദ്ധ്യമാക്കിയാൽ പൗരന് വില്ലേജ് ഓഫീസിലും, അക്ഷയ കേന്ദ്രത്തിലും നേരിട്ട് ചെന്നും,അല്ലാത്തവർക്ക് വീട്ടിലിരുന്നും സർട്ടിഫിക്കറ്റുകൾ സ്വായത്തമാക്കാവുന്നതാണ്. സർവ്വീസുകൾ ആധുനികവൽക്കരിക്കുന്നതിനോടൊപ്പം വില്ലേജ് ഓഫീസും ചുറ്റുപാടും കൂടി ആകർഷകമാക്കി ഓഫീസുകൾക്ക് അത്യാവശ്യം വേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കി കൂടുതൽ ജനസൗഹൃദമാക്കുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

| | |
|---|---|
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം, | (സി) റവന്യൂ വകുപ്പിലെ ഐ.റ്റി.സെല്ലുകൾ, ഐ.റ്റി. മിഷൻ, അക്ഷയ, എൻ. ഐ. സി, എന്നി ഏജൻസികളാണ് പദ്ധതിയുമായി നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ